# കേരള സർവകലാശാല

(സംഗ്രഹം)

സർവകലാശാല ഗ്രൂപ്പ് വെൽഫെയർ സ്കീം(GWS) - GIS പദ്ധതിയിൽ അംഗങ്ങളാകാൻ സാധിക്കാത്ത ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യവിഭാഗം അക്കൗണ്ട്സ് X വകുപ്പ്

അക്കൗണ്ട്സ് X/01/GWS/2023 തീയതി,12.04.2023 തിരുവനന്തപുരം

---

പരാമർശം: 1) 18-12-2021 ലെ നം.എഡി.എ5.6944/21 സർവകലാശാല ഉത്തരവ്
2) 05-02-2022 ലെ നം.അക്കൗണ്ട്സ് x/2022 സിൻഡിക്കേറ്റ് ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി മുൻപാകെയുള്ള കുറിപ്പ്
3) 25-02-2022 ലെ സിൻഡിക്കേറ്റ് നടപടികുറിപ്പ് ഇനം നമ്പർ 37.117.16
4) 02-02-2023 ലെ GWS പദ്ധതി തുടർപരിപാലനം സംബന്ധിച്ച് പഠിക്കുന്നതിനായുള്ള ഉപസമിതിയോഗ മിനിട്ട്സ്
5) 15-03-2023 ലെ ജീവനക്കാരുടെ സംഘടനകളുമായി നടത്തിയ യോഗ മിനിട്ട്സ്
6) 17-03-2023 ലെ സിൻഡിക്കേറ്റ് യോഗ നടപടിക്കുറിപ്പ് ഇനം നമ്പർ 53.54.15

## ഉത്തരവ്

പരാമർശം (1) പ്രകാരം കേരള സർവകലാശാലയിൽ 01.01.2022-ൽ 50 വയസ് പൂർത്തിയാകാത്ത GIS പദ്ധതിയിൽ അംഗങ്ങളല്ലാത്ത എല്ലാ അധ്യാപകരെയും ജീവനക്കാരെയും GIS പദ്ധതിയിൽ അംഗങ്ങളാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ GIS പദ്ധതിയ്ക്ക് സമാനമായി സർവകലാശാല നേരിട്ട് പരിപാലിച്ചു വന്നിരുന്ന GWS പദ്ധതിയുടെ തുടർപരിപാലനം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ കുറിപ്പ് നൽകിയിരുന്നു. പരാമർശം (3) പ്രകാരമുള്ള സിൻഡിക്കേറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ GWS പദ്ധതിയുടെ തുടർപരിപാലനം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ രൂപീകരിച്ച ഉപസമിതി പ്രസ്തുത വിഷയം പഠിച്ച് പരാമർശം (4) പ്രകാരം നൽകിയ ശുപാർശകളും ജീവനക്കാരുടെ സംഘടനകളുമായി പരാമർശം (5) പ്രകാരം നടത്തിയ യോഗ തീരുമാനങ്ങളും ഭേദഗതികളും പരാമർശം (6) ലെ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചിട്ടുള്ളതാകുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) GIS പദ്ധതിയിൽ അംഗമല്ലാത്ത 01.01.2022 ൽ 50 വയസ് പൂർത്തിയായ ജീവനക്കാരെ നിലവിലുള്ള GWS പദ്ധതിയിൽ തുടരാൻ അനുവദിക്കും.
2) GIS പദ്ധതിയിൽ അംഗങ്ങളായി മാറിയ ജീവനക്കാരുടെ GWS അക്കൗണ്ട് അവസാനിപ്പിച്ച് അർഹതപ്പെട്ട തുക തിരികെ നൽകുന്നതാണ്.
3) പുതുതായി സർവകലാശാല സേവനത്തിൽ പ്രവേശിക്കുന്നവർക്ക് GWS പദ്ധതിയിൽ അംഗത്വം നൽകുന്നതല്ല.
4) 50 വയസ്സിന് മുകളിൽ പ്രായമുള്ള ഒരാൾ മറ്റ് സർവീസിൽ നിന്നോ/ IUT മുഖേനയോ കേരളസർവകലാശാല സേവനത്തിൽ പ്രവേശിക്കുകയാണെങ്കിൽ അവരുടെ GIS പദ്ധതിയിലുള്ള അംഗത്വം തുടരാൻ അനുവദിക്കുന്നതാണ്.

GIS പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ GWS പ്രീമിയം വരിസംഖ്യ 2023 ഏപ്രിൽ മാസത്തെ ശമ്പളം മുതൽ ഈടാക്കേണ്ടതില്ല.

GIS പദ്ധതിയിൽ അംഗങ്ങളായി മാറിയ ജീവനക്കാർ തങ്ങളുടെ GWS അക്കൗണ്ട് അവസാനിപ്പിച്ച് അർഹതപ്പെട്ട തുക തിരികെ ലഭിക്കുന്നതിനായി GWS closure അപേക്ഷ സമർപ്പിക്കേണ്ടതാണ്. GWS closure അപേക്ഷ സ്വീകരിക്കുന്ന തീയതിയും വിതരണക്രമവും മറ്റ് വിവരങ്ങളും സർക്കുലർ മുഖേന ജീവനക്കാരെ അറിയിക്കുന്നതായിരിക്കും.

ഒപ്പ്
പ്രൊഫ.(ഡോ.) കെ.എസ്. അനിൽകുമാർ
രജിസ്ട്രാർ

പകർപ്പ്

1. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
2. രജിസ്ട്രാർ /എഫ്.ഒ/സി.ഇ/ഡി.പി.ഡി എന്നിവരുടെ പി.എമാർക്ക്
3. എല്ലാ വകുപ്പ് മേധാവികൾക്കും
4. എല്ലാ ജെ.ആർ/ഡി.ആർ/എ.ആർമാർക്ക്
5. ഫിൻ I/II/IV/ഓഡിറ്റ് I/II/III/IV
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ